# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2683 14.02.2013 - ൽ മറുപടിക്ക്

## കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിന് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. അൻവർ സാദത്ത് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) | കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയിലൂടെ മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം എത്തിക്കുക എന്നുളതാണ് ലക്ഷ്യം. അതിന് വേണ്ടി കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുകയും ആവശ്യത്തിന് പമ്പ്സെറ്റ് സ്ഥാപിക്കുകയും പമ്പുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർത്തും കുടാതെ സംസ്ഥാനത്തുടനീളം വിവിധ പദ്ധതികൾ ഏറ്റെടുത്തും ജലദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിലേയ്ക്ക് പൈപ്പുലൈൻ നീട്ടിയും ജല അതോറിറ്റിയുടെ വിവിധ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായി ഉപയോഗിക്കുന്ന കിണറുകളിലേയ്ക്ക് നീരൊഴുക്ക് കുറഞ്ഞു വരുന്നിടത്ത് ജലാഗമന ചാലുകൾ നിർമ്മിച്ചും ജൈക്ക, ജെ.എൻ.എൻ.യു.ആർ.എം., യു.ഐ.ഡി.എസ്.എസ്.എം.ടി തുടങ്ങിയ ബൃഹദ് പദ്ധതികളിലൂടെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | നിലവിൽ ജല അതോറിറ്റിക്കായി കുടിവെള്ളം എടുക്കുന്ന സ്ഥലങ്ങൾക്ക് സമീപം ചെക്ക് ഡാമുകൾ നിർമ്മിക്കുന്നത് കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ: | (ബി) | നിലവിൽ ജല അതോറിറ്റിയുടെ പദ്ധതികളുടെ കുടിവെള്ളം എടുക്കുന്ന സ്ഥലങ്ങളിൽ ചെക്ക് ഡാമുകൾ അത്യാവശ്യമായ സ്ഥലത്ത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ചർച്ച ചെയ്തും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലും മറ്റ് പദ്ധതികളിലുമായി ഏറ്റെടുത്ത് നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | കേടായ ശുദ്ധജലവിതരണക്കുഴലുകൾ അടിയന്തിര മായി മാറ്റി സ്ഥാപിക്കുവാനുള്ള നിർദ്ദേശം പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | കേടായ ശുദ്ധജലവിതരണക്കുഴലുകൾ മാറ്റി സ്ഥാപിക്കാനായി 2012-13-ൽ 100.45 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പണികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | വാട്ടർ അതോറിറ്റി മുഖേനയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ